(ബി) എങ്കിൽ അപേക്ഷ ലഭിച്ച തീയതി വെളിപ്പെടുത്തുമോ ;

(സി) ടിയാന്റെ ആശ്രിതർക്ക് ഇതുവരെ ആനുകൂല്യങ്ങൾ ലഭിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ ;

(ഇ) ക്ഷേമനിധി ആനുകൂല്യം എത്രയും വേഗം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബോർഡിൽ ലഭിച്ചിട്ടുണ്ട്.

(ബി) 23-9-2004.

(സി) ശ്രീ. പി. ജെ. ജോയി അംഗത്വ കാലയളവിൽ 13 മാസത്തെ അംശദായ കുടിശ്ശിക വരുത്തിയതിനാൽ നോമിനിക്ക് 2540 രൂപ റീഫണ്ടായി അനുവദിച്ചിട്ടുണ്ട്.

(ഡി & ഇ) 1998-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലർ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) കേരള റൂൾസ് ചട്ടം 284 (2) പ്രകാരം ഒരു വർഷമോ അതിൽ കൂടുതലോ അംശദായം അടയ്ക്കുന്നതിൽ അംഗം വീഴ്ച വരുത്തിയാൽ ടി അംഗത്തിന്റെ അംഗത്വം സ്വമേധയാ നഷ്ടപ്പെടുന്നതും തൽഫലമായി ആനുകൂല്യങ്ങൾക്ക് അർഹത നഷ്ടപ്പെടുന്നതുമാണ്. ആയതിനാൽ ശ്രീ. ജോയിക്ക് ആനുകൂല്യങ്ങൾക്ക് അർഹതയില്ല.

ഹയർ ഗുഡ്സ് തൊഴിലാളികൾക്ക് ക്ഷേമനിധി

133 [897] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ ഗുഡ്സ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്നും വിശദാംശങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ) ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പുതുതായി പ്രഖ്യാപിച്ചിട്ടുള്ള ഷോപ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽ ഇവരെ ഉൾപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly